## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2469 — 07. 02. 2019 ൽ മറുപടിക്ക്

# വൈദ്യുതിബോർഡിൽ ആകെയുള്ള ജീവനക്കാർ

ചോദ്യം
ശ്രീ. കെ.എൻ.എ. ഖാദർ

ഉത്തരം
ശ്രീ.എം.എം. മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| **(എ)** വൈദ്യുതി ബോർഡിൽ ചെലവു ചുരുക്കലിന്റെ ഭാഗമായി ജീവനക്കാരുടെ തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച സമിതിയുടെ ഘടനയെപ്പറ്റിയും സമിതിയുടെ പരിഗണനാവിഷയങ്ങളെക്കുറിച്ചുമുള്ള റിപ്പോർട്ട് എന്നത്തേക്ക സമർപ്പിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | **(എ)** കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഐ.ഐ.എം. കോഴിക്കോടിനെ ചുമതലപ്പെടുത്തുകയും, ഐ.ഐ.എം. സമർപ്പിച്ച നിർദ്ദേശങ്ങൾ പഠിച്ച് വേണ്ട ചർച്ചകൾ നടത്തി നടപ്പിലാക്കേണ്ടതിലേക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനും ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) കൺവീനറായും ഫുൾടൈം ഡയറക്ടേഴ്സ് അംഗങ്ങളുമായിട്ടുള്ള ഒരു ഉന്നത അധികാരസമിതിയെ കെ.എസ്.ഇ.ബി.എൽ. ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത കമ്മിറ്റി ഇതു സംബന്ധിച്ച ചർച്ചകൾ നടത്തുകയും കമ്മിറ്റിയുടെ ശുപാർശകൾ ഫുൾടൈം ഡയറക്ടേഴ്സിന് മുമ്പാകെ സമർപ്പിക്കുകയും ചെയ്തു.<br>ഇതു സംബന്ധിച്ച് വിശദമായ പ്രായോഗിക നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിന് ഉന്നത അധികാരസമിതിയെ സഹായിക്കുന്നതിലേക്കായി ഒരു ഉപസമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സബ് കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷം ജീവനക്കാരുടെ സംഘടനകളുമായി ബോർഡ് തലത്തിൽ ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) സമിതി കരട് നിർദ്ദേശങ്ങളെന്തെങ്കിലും സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ബി) 03.02.2018 - ലെ ബോർഡ് ഉത്തരവ് പ്രകാരം ബന്ധപ്പെട്ട ഡയറക്ടർമാരുമായി കൂടിയാലോചന നടത്തി വിവിധ ഓഫീസുകളുടെ ഘടന നിർണ്ണയിക്കുന്നതിനും, അതിലേയ്ക്ക ആവശ്യമുള്ള ജീവനക്കാരെ കണ്ടെത്തി ശുപാർശ സമർപ്പിക്കുന്നതിനായി ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സബ് കമ്മിറ്റി തയ്യാറാക്കിയ കരട് നിർദ്ദേശങ്ങളിൻമേൽ, ബന്ധപ്പെട്ട ഡയറക്ടർമാർ, ഓഫീസ് മേധാവികൾ എന്നിവരുടെ അഭിപ്രായം ശേഖരിച്ചു വരികയാണ്. പ്രസ്തുത നിർദ്ദേശങ്ങൾ പരിഗണിച്ച്, കമ്മിറ്റി തയ്യാറാക്കുന്ന റിപ്പോർട്ട് ബോർഡ് പരിശോധിച്ച ശേഷം ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (സി) വൈദ്യുതിബോർഡിൽ ആകെയുള്ള ജീവനക്കാരുടെ എണ്ണം അറിയിക്കാമോ; ഇതിൽ മിനിസ്റ്റീരിയൽ തസ്തികകൾ എത്ര | (സി) വൈദ്യുതി ബോർഡിൽ 02.02.2019 - ൽ ആകെയുള്ള ജീവനക്കാരുടെ എണ്ണം – 33214.<br>ഇതിൽ മിനിസ്റ്റീരിയൽ തസ്തികകളിലെ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു. |

യാണ്: റഗുലേറ്ററി കമ്മീഷൻ അനുവദിച്ച ആകെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്നും ശേഷിച്ചവർക്കുള്ള ശമ്പള വിതരണം എപ്രകാരമാണ് നടത്തുന്നതെന്നും വിശദമാക്കാമോ?

| | |
|---|---|
| കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് | 831 |
| ക്ലറിക്കൽ അറ്റൻഡർ | 1 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 19 |
| ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ് | 107 |
| ഓഫീസ് അറ്റൻഡന്റ് | 507 |
| സീനിയർ അസിസ്റ്റന്റ്/സൂപ്രണ്ട് | 2495 |
| സീനിയർ ഫെയർകോപ്പി അസിസ്റ്റന്റ് | 105 |
| സ്വീപ്പർ | 15 |
| പി.റ്റി.സി. സ്വീപ്പർ | 291 |
| അക്കൗണ്ട്സ് ഓഫീസർ | 38 |
| അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ | 77 |
| അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ | 16 |
| ചീഫ് ഇന്റേണൽ ആഡിറ്റർ | 1 |
| ചീഫ് പേഴ്സണൽ ഓഫീസർ | 1 |
| ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസർ | 1 |
| ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ | 55 |
| ഫെയർ കോപ്പി സൂപ്രണ്ട് | 2 |
| ഫിനാൻസ് ഓഫീസർ | 23 |
| ഫിനാൻഷ്യൽ അഡ്വൈസർ | 1 |
| ജൂനിയർ പേഴ്സണൽ അസിസ്റ്റന്റ് | 1 |
| റീജിയണൽ പേഴ്സണൽ ഓഫീസർ | 1 |
| സീനിയർ അക്കൗണ്ട്സ് ഓഫീസർ | 3 |
| സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 52 |
| സീനിയർ ഫിനാൻസ് ഓഫീസർ | 1 |
| സീനിയർ സൂപ്രണ്ട് | 1123 |
| പേഴ്സണൽ ഓഫീസർ | 0 |

വൈദ്യുതി ബോർഡിൽ 31.03.2009 ന് നിലവിൽ ഉണ്ടായിരുന്ന 27175 ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങൾ മാത്രമാണ് 2010-11 മുതൽ ഇതുവരെ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അനുവദിച്ചു വരുന്നത്.

| | |
|---|---|
| | റഗുലേറ്ററികമ്മീഷൻ അനുവദിച്ചിട്ടുള്ളതും, അനുവദിച്ചിട്ടില്ലാത്തതുമായ തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ബോർഡിന്റെ തനത് വരുമാനത്തിൽ നിന്നാണ് ശമ്പളം വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ